**No. CEE/3321/2012/NEET (UG) 2013/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2013 ലെ സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ MBBS/BDS കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാന കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ്

സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ 2013 ലെ MBBS/BDS കോഴ്സുകൾക്ക് ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള അവസാന കേന്ദ്രീകൃത അലോട്ട്മെന്റ് സംബന്ധിച്ച നടപടിക്രമങ്ങൾ **25.09.2013** ന് ആരംഭിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും **25.09.2013 വൈകുന്നേരം 5 മണി വരെ www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **26.09.2013** ന് **വൈകുന്നേരം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** ഇത് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **27.09.2013, 28.09.2013** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. SBT ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലും, സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലും അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കിയ ശേഷമാണ് ഈ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്.

ഇത് പ്രകാരം അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട്, ഡാറ്റാ ഷീറ്റ് എന്നിവയും, KEAM 2013 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **27.09.2013, 28.09.2013** എന്നീ തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

**28.09.2013** വൈകുന്നേരം **5.30 ന്** ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിൻറൗട്ട് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്.

### അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 25.09.2013 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വൈകുന്നേരം 5 മണി വരെ വെബ്സൈറ്റ് സജ്ജമാകുന്നു |
| **26.09.2013** | **സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കുള്ള അവസാന അലോട്ട്മെന്റ്** |
| 27.09.2013, 28.09.2013 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കേണ്ടതും ബന്ധപ്പെട്ട കോളേജിലെ പ്രിൻസിപ്പൽ മുമ്പാകെ അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതുമാണ്. |
| 28.09.2013<br>(വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഈ അലോട്ടുമെന്റ് സർക്കാർ മെഡിക്കൽ/ഡന്റൽ കോളേജുകളിലേക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ പ്രസ്തുത കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് 12.2.4 (സി) പ്രകാരമുള്ള പിഴ സർക്കാരിന് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
24.09.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**